**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

**ബഹു സ്പീക്കറുടെ റൂളിംഗ്**

**04-10-2021**

## (3) ബിൽ ഭരണഘടനാ വിരുദ്ധം

2021 ഒക്ടോബർ 4-ാം തീയതി നിയമനിർമ്മാണകാര്യത്തിൽ 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഭരണഘടനാവിരുദ്ധമാണെന്നും ജില്ലയ്ക്ക് മുഴുവനായി വികസന പദ്ധതികളുടെ കരട് എന്ന രീതിയിൽ ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നതിനുപകരം ബില്ലിലെ 14-ാം വകുപ്പ് പ്രകാരം പ്രധാന ആക്ടിന്റെ 13 (2) വകുപ്പിൽ കൊണ്ടുവരുന്ന 'പല പല പെഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കുക' എന്ന ഭേദഗതി നിർദ്ദേശം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 (ഡി)-ക്ക് വിരുദ്ധമാണെന്നും ഓരോ പ്രത്യക പ്രദേശത്തിനും പ്രത്യേക പ്ലാൻ എന്നത് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് ഭരണഘടന നൽകിയിരിക്കുന്ന അധികാരത്തെ പരിമിതപ്പെടുത്തുന്നതും

അശാസ്ത്രീയവുമാണെന്നും പുതിയ നിർദ്ദേശം പ്രാബല്യത്തിൽ വരുന്നതോടെ ജില്ലയ്ക്ക് മുഴുവനായി ഒരു പ്ലാൻ എന്നത് മാറി ഭിന്നിപ്പിക്കപ്പെടുമെന്നതുംകൊണ്ട് ഭരണഘടനാവിരുദ്ധമായ ഭേദഗതികളുൾപ്പെട്ട ബിൽ പിൻവലിക്കണമെന്ന് ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ഭരണഘടനയുടെ 243 (ഡി) അനുച്ഛേദം ഓരോ സംസ്ഥാനത്തും ജില്ലാതലത്തിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ തയ്യാറാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ജില്ലയ്ക്ക് മൊത്തത്തിലുള്ള വികസന പദ്ധതികളുടെ കരട് തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും രണ്ടാം ഉപഖണ്ഡപ്രകാരം നിയമംവഴി അങ്ങനെയുള്ള സമിതികൾക്ക് നീക്കി വയ്ക്കാവുന്ന ചുമതലകൾ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം മറ്റ് ചുമതലകൾ ഏൽപ്പിക്കാനും അവകാശമുണ്ടെന്നും ആയതിനാൽ പ്രധാന ആക്ടിലെ 13-ാം വകുപ്പ് ഭേദഗതി ചെയ്യുന്നത് ഭരണഘടനാ വിരുദ്ധമല്ലെന്നും തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി

വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.

**"സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണാധികാരത്തിന്റെ പരിധിയിൽ വരുന്ന വ്യവസ്ഥകൾ മാത്രമാണ് 2021-ലെ കേരള നഗര - ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നതെന്ന മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ല."**